# ഒരു പുതുവത്സര ചിന്ത

കർത്താവിൽ പ്രീയരേ, സംഭവബഹുലമായ ഒരു വർഷം നമ്മെ വിട്ടു കടന്നുപോയി. നാം ഒരു പുതിയ വർഷത്തിലേക്കു കടന്നിരിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം കർത്താവിനു വേണ്ടി ഒന്നും ചെയ്യുവാൻ സാധിച്ചില്ല എന്ന ചിന്ത ചിലരിൽ എങ്കിലും ഒരു കുറ്റബോധം ഉളവാക്കിയിരിക്കാം. അതിനാൽ പുതിയവർഷത്തിൽ എന്തെങ്കിലും കർത്താവിനു വേണ്ടിചെയ്യണം എന്ന ഒരു തീരുമാനം പലർക്കും ഉണ്ടാകുക സാധാരണമാണ്.

സുവിശേഷങ്ങളിൽ നാം വായിക്കുമ്പോൾ മറിയ ചെയ്ത ഒരു നല്ല പ്രവർത്തിയെപ്പറ്റി പറഞ്ഞിരിക്കുന്നു. ഈ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം എടുത്ത് യേശുവിന്റെ കാലിൽ പൂശുന്നതായി കാണാം. അപ്പോൾ അവിടെ നിന്നവർ എന്തിനാണ് ഈ പാഴ്ചിലവ്, അത് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നു എന്ന് അവളെ കുറ്റപ്പെടുത്തുന്നുതായി കാണാം. എന്നാൽ ആ സ്ഥാനത്ത് യേശു അവളെ കുറ്റപ്പെടുത്താതെ അവൾ തന്നാൽ ആവുന്നത് ചെയ്തു, സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നിടത്തെല്ലാം അവളുടെ ഈ പ്രവർത്തിയെ എല്ലാവരും ഓർക്കും എന്നു പറഞ്ഞ് അവളെ പുകഴ്ത്തുകയത്രെ ചെയ്തത്. അതു പോലെ നാം ഏതു സാഹചര്യത്തിലായാലും, രോഗിയായിരുന്നാലും എത്ര പ്രയാസത്തിൽ കൂടെ കടന്നു പോകുന്നവരായാലും നമ്മളാൽ ആകുന്നത് ചെയ്യണമെന്നാണു കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. മത്തായി 25ന്റെ അവസാനഭാഗങ്ങളിൽ കർത്താവ് പറയുന്നുണ്ട് എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല, ഞാൻ അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല, നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല, രോഗിയും തടവിലും ആയിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്നു പറയുമ്പോൾ ദാഹിക്കുന്നവനായോ നഗ്നനായോ ഒക്കെ എപ്പോഴാണ് ഞങ്ങൾ നിന്നെ കണ്ടത് എന്നു അവർ ചോദിക്കുന്നതിനു കർത്താവു പറയുന്നത് ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന് ചെയ്യാത്തിടത്തോളമെല്ലാം എനിക്കാകുന്നു ചെയ്യാഞ്ഞത് എന്ന്. അപ്പോൾ നമ്മൾ സാധുക്കളെ അല്ലെങ്കിൽ ഏറ്റവും ചെറിയവരായ ഒരാളെ എങ്കിലും സഹായിക്കാൻ തയ്യാറായാൽ അതു കർത്താവിനു ചെയ്തതു പോലെ കണക്കിട്ട് നമ്മെ മാനിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം.

അതുപോലെ നമ്മൾ ഒരു ദരിദ്രനോടു കൃപ കാണിച്ചാൽ നാം ദൈവത്തെ ബഹുമാനിക്കുകയാണ് ചെയ്യുന്നത്. "എളിയവനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു. ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവനെ ബഹുമാനിക്കുന്നു" (സദൃ 14:31). വേറൊരു ഭാഗത്തു പറയുന്നു എളിയവന്റ നിലവിളിക്കു ചെവി പൊത്തി കളയുന്നവൻ താനും നിലവിളിക്കും ഉത്തരം ലഭിക്കുകയില്ലായെന്ന്. നമ്മൾ മറ്റുള്ളവരുടെ നിലവിളി കേൾക്കാതെ ചെവി പൊത്തിക്കളഞ്ഞാൽ, കാണാതെ കണ്ണു മറച്ചുകളഞ്ഞാൽ, നമ്മൾ നിലവിളിക്കുമ്പോഴും ഉത്തരം ലഭിക്കുകയില്ല. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു, അവൻ ചെയ്ത നന്മക്കു അവൻ പകരം കൊടുക്കും"(സദൃ 19:17). നമ്മൾ എളിയവരോട് കൃപ കാണിക്കുമ്പോൾ, അവരെ സഹായിക്കുമ്പോൾ അത് യഹോവെക്കു വായ്പ കൊടുക്കുന്നതു പോലെയാണ്. തക്ക സമയത്ത് ദൈവം അതിനു പകരം നല്കി നമ്മെ അനുഗ്രഹിക്ക തന്നെ ചെയ്യും. അതുകൊണ്ട് ഈ പുതിയ വർഷത്തിൽ നമ്മളാൽ കഴിയുന്ന വിധം മറ്റുള്ളവരോട് കരുണ കാണിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമ്മൾക്ക് ഈ ലോകത്ത് ചെയ്യാൻ കഴിയുന്നതും നമ്മൾ പോകുമ്പോൾ കൊണ്ടുപോകാൻ കഴിയുന്നതും നമ്മുടെ നന്മപ്രവൃത്തികൾ മാത്രമാണ്. സ്വർഗ്ഗത്തിൽ പ്രതിഫലം കിട്ടണമെങ്കിൽ ഇവിടെ ആയിരിക്കുന്ന അവസ്ഥകളിൽ നമ്മളാൽ കഴിയുന്നത് ദൈവത്തിനു വേണ്ടി പ്രവർത്തിക്കുവാൻ നാം തയ്യാറാകണം. ആകയാൽ ഈ പുതിയ വർഷത്തിൽ മറിയ ചെയ്തതുപോലെ നമ്മളാലാവതു കർത്താവിനുവേണ്ടി ചെയ്യുവാൻ നമ്മെതന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ഏവർക്കും അനുഗ്രഹിക്കപ്പെട്ട ഒരു പുതുവത്സരം ആശംസിക്കുന്നു.